# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി12)297/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 01/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി12)297/23 തീയ്യതി: 01/04/2023

## എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീമതി.ടെസ്സി.എം, ഓഡിറ്റ് ഓഫീസർ
2) ശ്രീ.സന്തോഷ് കുമാർ.കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീ.പ്രസാദ്.പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4) ശ്രീമതി.വൃന്ദ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദിവ്യ ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സിന്ധുമോൾ.വി.എസ് | സെക്രട്ടറി | 01-04-2021 | 05-06-2021 |
| വിജയ ശ്രീ.പി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2021 | 04-07-2021 |
| റീന റാഫേൽ | സെക്രട്ടറി | 05-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയശ്രീ.പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-10-2021 |
| ലാലി.വി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2021 | 12-01-2022 |
| ലിമി ആന്റണി | അസിസ്റ്റന്റ് സെക്രട്ടറി | 13-01-2022 | 21-01-2022 |
| മനോജ്.വി.എ | അസിസ്റ്റന്റ് സെക്രട്ടറി | 22-01-2022 | 31-03-2022 |
| മഞ്ജുഷ.പി.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ആതിര.പി.സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.വി.എ.നവാസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജീന ജോസഫ് | മെഡിക്കൽ ഓഫീസർ, അലോപ്പതി(ഇൻ-ചാർജ്) | 01-04-2021 | 31-03-2022 |
| ഡോ.രാഖി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു സേവ്യർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| അംബിക.വി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| മേരി ഷൈനി.കെ.ജെ | ഹെഡ്മിസ്ട്രസ്, ഗവ.എൽപി.എസ്, ചേന്ദമംഗലം | 01-04-2021 | 06-12-2021 |
| രാധിക നായർ | ഹെഡ്മിസ്ട്രസ്, ഗവ.എൽപി.എസ്, ചേന്ദമംഗലം | 07-12-2021 | 31-03-2022 |
| ദീപ.കെ.വി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സന്ധ്യ.പി.എസ് | വി.ഇ.ഓ. ഗ്രേഡ്-II , ചേന്ദമംഗലം സർക്കിൾ | 01-04-2021 | 12-08-2021 |
| ഒഴിവ് | വി.ഇ.ഓ. ഗ്രേഡ്-II , ചേന്ദമംഗലം സർക്കിൾ | 13-08-2021 | 10-01-2022 |
| അമ്പിളി.ടി.ആർ | വി.ഇ.ഓ. ഗ്രേഡ്-II , ചേന്ദമംഗലം സർക്കിൾ(employment Basis) | 11-01-2022 | 31-03-2022 |
| സാബിഖ്.ടി.എസ് | വി.ഇ.ഓ. ഗ്രേഡ്-I, വടക്കുംപുറം സർക്കിൾ | 01-04-2021 | 31-03-2022 |
| സീന അഗസ്റ്റിൻ.പി.എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 13 | കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയില്ല | 1-12 |
| 14 | ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | 1-13 |
| 15 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല | 1-14 |
| 16 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി | 1-15 |
| 17 | ഒഡിഎഫ് പ്ലസ് ബോർഡ് സ്ഥാപിച്ചത് - ക്വട്ടേഷൻ വിളിക്കാതെ ശുചിത്വമിഷൻ പ്രവൃത്തി നടത്തി | 1-16 |
| 18 | വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയിൽ മിച്ചം വന്ന പദ്ധതിവിഹിതം തുകകൾ തിരികെ അതാത് ഹെഡിലേക്ക് അടവാക്കേണ്ടതാണ്. | 1-17 |
| 19 | പ്ലാസ്റ്റിക് ശേഖരണം(വി.ജി.എഫ്) - രേഖകൾ ഹാജരാക്കിയില്ല | 1-18 |
| 20 | വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - 678336/- രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 21 | ചാത്തേടം പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച പൊതുശൗചാലയനിർമ്മാണം-അപാകതകൾ | 1-20 |
| 22 | വിവിധ വാർഡുകളിലെ കുളങ്ങളും കിണറുകളും ശുചീകരണം-ജി.എസ്.ടി അധിക നിരക്കിൽ നൽകിയതുമൂലം അധികച്ചെലവ് | 1-21 |
| 23 | മുൻ വർഷങ്ങളിൽ ചെലവഴിച്ച തുക അക്കൗണ്ട് കറക്ഷൻ മൂലം മടങ്ങിവന്നു | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.02.2021 തിയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19.02.2022 തിയതിയിലെ (1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 27,69,217 | 27,24,38,363 | 27,52,07,580 | 27,36,61,663 | 15,45,917 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും, 2021-2022 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-22 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് & പേയ്മെന്റ് പത്രിക) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 27,24,38,363 | 7,57,67,382 | 19,66,70,981 |
| ചെലവ് | 27,36,61,663 | 7,34,45,747 | 20,02,15,916 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021 -22 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. ഗുണഭോക്താക്കൾക്കായി നേരിട്ട് ചെലവഴിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലെ 7,75,51,900/-രൂപ, തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 2,03,98,705/- രൂപ എന്നിവ കണക്കിലെടുത്താലും ബജറ്റും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന വിധം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2022 | 30.07.2022 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്. വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. അക്രു ചെയ്യുന്ന വരവുകൾക്ക് ജേണൽ എൻട്രി വഴി സമയാസമയങ്ങളിൽ ഡിമാന്റ് രേഖപ്പെടുത്തേണ്ടതും അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,08,42,098.50 |
| വരവ് | 7,57,67,382.00 |
| ആകെ | 9,66,09,480.50 |
| ചെലവ് | 7,34,45,747.00 |
| നീക്കിയിരിപ്പ് | 2,31,63,733.50 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,82,541.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 1,07,28,099 | 1,07,28,099 | 1,04,94,735 | 2,33,364 | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 39,07,835 | 39,07,835 | 39,07,835 | 0 | |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 83,78,000 | 83,78,000 | 58,47,150 | 25,30,850 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 59,27,127 | 59,27,127 | 54,43,636 | 4,83,491 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-ട്രഷറി | 0 | 34,07,842 | 34,07,842 | 28,25,912 | 5,81,930 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-Bank | | 42,42,000 | 42,42,000 | 20,50,921 | 0 | 21,91,079 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- Bank | | 28,92,551 | 28,92,551 | 15,14,674 | 0 | 13,77,877 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic-ട്രഷറി | | 6,31,459 | 6,31,459 | 1,78,748 | 4,52,711 | - |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320200304-solid Waste Management | 5,04,394 | 0 | 5,04,394 | 0 | 0 | 5,04,394 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100196 | 1,00,431 | 13,65,231 | 14,65,662 | 10,56,412 | 0 | 4,09,250 |
| 320200309-literacy Scheme Grant | 8,824 | 265 | 9,089 | 0 | | 9,089 |
| 320200305--life Mission-state Share | 4,60,000 | 3,10,000 | 7,70,000 | 3,25,000 | 0 | 4,45,000 |
| 320300199-other Grants | 2,75,500 | 0 | 2,75,500 | 0 | 0 | 2,75,500 |
| 320100181-sanitation | 22,22,836 | 0 | 22,22,836 | 17,10,482 | 0 | 5,12,354 |
| 320300103-sanitation | 3,91,870 | 0 | 3,91,870 | 0 | 0 | 3,91,870 |

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-ജനറൽ- 44,59,901/-

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-എസ്.സി.പി-1,69,165/-

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 209 | 11,94,16,532 | 163 | 5,18,75,117 | 144 | 19 | 46 | 68.89 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 17,832 | 6,91,930 | 7,09,762 | 7,09,683 | 79 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2,03,98,705 | 2,03,98,705 | 2,03,98,705 | 0 |
| ആകെ | 17,832 | 2,10,90,635 | 2,11,08,467 | 2,11,08,388 | 79 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 8,68,000 | 52 |
| വിധവാപെൻഷൻ | 2,11,78,200 | 1370 |
| വാർദ്ധക്യകാലപെൻഷൻ | 4,68,61,500 | 3312 |
| വികലാംഗപെൻഷൻ | 60,15,400 | 394 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 26,28,800 | 166 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2023 തീയതിയിൽ ഉച്ചയ്ക്ക് 3.00 P.M ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,966/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1.പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് അത്യാവശ്യമായ സൗകര്യങ്ങളോടു കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുൻബാക്കിയിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല.

4. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡി സി ബി കണക്കാക്കി രേഖപ്പെടുത്തുന്നില്ല. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് പ്രകാരം ഡി സി ബി കണക്കാക്കേണ്ടതുമാണ്.

5. അഡ്വാൻസ് രജിസ്റ്ററിൽ തിരികെ ലഭിച്ച തുകകളും, നീക്കിയിരിപ്പും രേഖപ്പെടുത്തുന്നില്ല.

6. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.
7. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താത്തതിനാൽ ആവിഷ്കരിച്ച മിക്ക മരാമത്ത് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനായിട്ടില്ല.

9. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ കൃത്യമായ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.09.2022 മുതൽ 10.09.2022 വരെ | 01.04.2021 മുതൽ 31.03.2022 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2019 | 2012-13 മുതൽ 2016-17 വരെ | 09.08.2019 റിപ്പോർട്ട് നം.LBA HQ II/III 8A 2731/2017-18/251-252 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

1)പഞ്ചായത്തിലെ മരാമത്ത് വേലകൾ ഏറ്റെടുത്ത് നടത്തിയ കരാർ രജിസ്റ്റർ പ്രകാരമുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്ന് തൻവർഷം നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ഫ്രാൻസിസ്.കെ.ജി |
| 2 | സാലി.പി.ജെ |
| 3 | ഓ.പി.ബിജു |
| 4 | മഹേഷ്.കെ.എം |
| 5 | പാർത്ഥൻ.കെ.എസ് |
| 6 | അച്ചു.കെ.എസ് |

2)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.5/6.3.2023 ന് എ.ഇ ലഭ്യമാക്കിയ മറുപടിയിൽ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ അറിവില്ലായ്മ മൂലമാണെന്നും ടി കരാറുകാർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു. തുക ഈടാക്കുന്ന മുറയ്ക്ക് രസീത് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. റേഷൻ കടക്കാരിൽ നിന്ന് ഈടാക്കാത്തത് സംബന്ധിച്ച് പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. റേഷൻ കടകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയില്ല

2005 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1) പ്രകാരം പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിക്കേണ്ടതാണ്. ചേന്ദമംഗലം പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നുണ്ട്. 6000 രൂപ ആണ് പ്രതിദിന വാടക ആയി ഈടാക്കി കാണുന്നത്. എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്തിന് അംഗീകൃത ബൈലോ നിലവിലില്ലാത്തതായി കാണുന്നു.

ഇത്തരത്തിലൊരു ബൈലോ ഉണ്ടെങ്കിൽ ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതും ഇല്ലാത്ത പക്ഷം ബൈലോ പാസ്സാക്കാത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി 8/7.3.2023 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി മാത്രം കമ്മ്യൂണിറ്റി ഹാൾ വാടകക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

1)ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തേക്കുള്ള ലൈസൻസ് എടുത്തിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ /ഉടമയുടെ പേര് |
|---|---|---|
| 1 | 1/180B | തക്കുടു സ്റ്റോഴ്സ് |
| 2 | 1/505 | ദിയ സ്റ്റോഴ്സ് |
| 3 | 1/89 | ഇലക്ട്രോ മെക്ക് ഇൻഡസ്ട്രീസ് |
| 4 | 2/293 | അക്ഷയ സെന്റർ. ഗോതുരുത്ത് |
| 5 | 8/157 | ആപ്ജെറ്റ് ട്രേഡേഴ്സ് |
| 6 | 4/157,158 | പോത്തേത്ത് സ്റ്റോഴ്സ് |
| 7 | 5/120 | സ്നേഹവീഥി |
| 8 | 5/338C | അനുഗ്രഹ-കുടുംബശ്രീ ജനകീയ ഹോട്ടൽ |
| 9 | 6/133 | തത്ത്വമസി സ്റ്റേഷനറി |
| 10 | 6/135 C | ജെ.എസ്.ഫാർമ |
| 11 | 6/135K | ലക്ഷ്മി RCMPUC |
| 12 | 6/195B | പ്രീതി സ്റ്റോഴ്സ് |
| 13 | 6/230 | ശർമ്മാ അലുമിനിയം ഫാബ്രിക്കേഷൻ |
| 14 | 6/231 | നൈസ് ടൈലറിംഗ് സെന്റർ |
| 15 | 6/235A | പുത്തൻവീട്ടിൽ കൺസ്ട്രക്ഷൻ |
| 16 | 6/301 | പാദുവ |
| 17 | 6/314 | KVS |
| 18 | 6/315 | ഭാരത് എന്റർപ്രൈസസ് |
| 19 | 6/34A | ശ്രീകൃഷ്ണ എന്റർപ്രൈസസ് |
| 20 | 6/34B | ശിവശക്തി ഏജൻസീസ് |
| 21 | 6/53A,B | ബ്രദേഴ്സ് ഏജൻസീസ് |
| 22 | 6/53D | ഫാഷൻ ഷോർ |
| 23 | 6/53F | ശ്രീശങ്കര |
| 24 | 6/558 | ആരോഗ്യ ചന്ദ്ര ഫാർമസി |
| 25 | 6/585 | ഫബീന ഗാർമെന്റ്സ് |
| 26 | 6/585A | TRENDZ Bike Accessories |
| 27 | 6/585B | THE GREEN STORE |
| 28 | 6/588 | Straightway Trading |
| 29 | 6/505 | KAYCEES |
| 30 | 6/607 | പാപ്പുട്ടി ലോട്ടറി ഏജൻസീസ് |
| 31 | 6/608 | Comfort Lady Designing Boutique |
| 32 | 6/613 | വെങ്കിടേശ്വര ഹോട്ടൽ |
| 33 | 6/802,803 | SG സൂപ്പർമാർക്കറ്റ് |
| 34 | 7/218A | ഹോം ബേക്കേഴ്സ് |
| 35 | 7/387 | Protech Productions |
| 36 | 9/111 | Pragati Trading |
| 37 | 9/332A | TNV Steel Company (P)L |
| 38 | 9/538A | ഗംഗ സ്റ്റുഡിയോ |
| 39 | 10/429 | ശ്രീ കണ്ണൻ ഇൻഡസ്ട്രീസ് |
| 40 | 11/130A | വിജയ് സ്റ്റീൽ ഇൻഡസ്ട്രീസ് |
| 41 | 12/126A | മൈ മാർക്കറ്റ് കൺസ്യൂമർ സ്റ്റോർ |

| | | |
|---|---|---|
| 42 | 12/648 | ആര്യ ബ്യൂട്ടി പാർലർ |
| 43 | 13/3A | സമൃദ്ര ട്രേഡേഴ്സ് |
| 44 | 13/501 | ആർ ആർ വുഡ് ഇൻഡസ്ട്രീസ് |
| 45 | 14/100B | സെന്റ്.ആന്റണീസ് സിമന്റ് വർക്സ് |
| 46 | 14/341 | എസ്.എൻ.ഫാർമസി |
| 47 | 14/337 | ഈവ് വെഡ്ഡിംഗ് സ്റ്റുഡിയോ |
| 48 | 14/335 | ഗ്ലോറിയ ഇലക്ട്രോണിക്സ് |
| 49 | 15/114C | Freshly Food |
| 50 | 15/478 | ശ്രദ്ധ ബേക്കറി |
| 51 | 15/477F | Lip & Lashes Beauty Spot |
| 52 | 15/482 | ചക്കനാട്ട് ഇൻഡസ്ട്രീസ് |
| 53 | 16/185 | എ കെ വി ഓയിൽ മിൽസ് |
| 54 | 17/548 | Wood Style Wood Work |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. മേൽ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പാരാമെഡിക്കൽ, ട്യൂട്ടോറിയൽ ലൈസൻസ്- രജിസ്റ്റർ കാലികമാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയലുകൾ, ലൈവ് സ്റ്റോക്ക് ഫാമുകൾ എന്നിവയുടെ വിവരം കാണിക്കുന്ന രജിസ്റ്ററുകൾ തൻവർഷം എഴുതി കാലികമാക്കി സൂക്ഷിച്ചിട്ടില്ല .

3)റേഷൻ കടകൾക്ക് ലൈസൻസില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ലൈസൻസ് നൽകൽ ചട്ടം. 2017 ലെ പുതുക്കിയ ചട്ടം എന്നിവ യിലെ പട്ടിക 1 ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവ നടത്തുന്നതിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ ചേന്ദമംഗലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല .നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ലൈസൻസ് എടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറി 11/7.3.2023 ന് മറുപടി ലഭിച്ചില്ല.

## 1-14 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല

പഞ്ചായത്തിന്റെ വിവരാവകാശ അപേക്ഷകൾ പരിശോധിച്ചതിൽ 05.03.2021 ന് ശ്രീ.സന്തോഷ് കുമാർ.ടി.ആർ, മഠത്തിപ്പറമ്പിൽ എന്ന വ്യക്തി ശ്രീ.സാബു വെളിയത്ത് എന്ന വ്യക്തിക്കെതിരെ അനധികൃത നിർമ്മാണത്തിന് നൽകിയ പരാതിക്ക് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ആയത് പ്രകാരം 28.07.2021 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ ശ്രീ.സാബു വെളിയത്ത് എന്ന വ്യക്തിയുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന വീടും സ്ഥലവും സന്ദർശിച്ചതിന്റെ റിപ്പോർട്ടിൽ പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 10/480A നമ്പറുള്ള ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 39.15 ച.മീ. മാത്രമാണ്. എന്നാൽ നിലവിൽ അതിൽ നിന്ന് വ്യത്യാസപ്പെടുത്തി ഗ്രൗണ്ട് ഫ്ലോർ ഏരിയ 59.15 ച.മീ. ആയും കൂടാതെ ഫസ്റ്റ് ഫ്ലോറിൽ ബിൽഡിംഗ് കൂട്ടിപ്പണിതിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഞ്ചയ പരിശോധിച്ചതിൽ നിലവിൽ ടി കെട്ടിടം പാർപ്പിടാവശ്യ ഗണത്തിൽ ഉൾപ്പെട്ട 39.15 ച.മീ വിസ്തീർണ്ണത്തിൽ ത്തന്നെയാണ് ഉള്ളത്.

ഒന്നാം നിലയിൽ പണിത ഏരിയ എത്രയെന്നും, ടി നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് എടുത്തിട്ടുണ്ടോ എന്നും വസ്തുനികുതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക്( നം.7/6.3.2023) ലഭ്യമാക്കിയ മറുപടിയിൽ 11.10.2021, 05.01.2022, 27.05.2022 എന്നീ തീയതികളിൽ ടി അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് 1976/21 നമ്പറായി കത്ത് നൽകിയിട്ടുള്ളതാണ് എന്നും എന്നാൽ ടിയാൻ ഇത് സംബന്ധിച്ച് മറുപടി ഒന്നും നൽകിയിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു. അധികമായി നിർമ്മിച്ചിട്ടുള്ള പ്ലിന്ത് ഏരിയക്ക് നികുതി ചുമത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്.

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതും നമ്പറിംഗ് നടത്തി അധികമായി

നിർമ്മിച്ച ഏരിയക്കും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-15 സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ജി ഒ (പി) നമ്പർ 104/2021, 26.7.2021 പ്രകാരമുള്ള ഉത്തരവനുസരിച്ച് 1.6.2021 മുതൽ മുൻകാലപ്രാബല്യത്തോടെ യാണ് ആർജ്ജിതാവധി പണമാക്കൽ അടുത്ത 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുള്ളത്.

ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | ചെക്ക് നമ്പര് തീയതി |
|---|---|---|---|---|
| 1 | ശ്രീമതി സന്ധ്യ രാജൻ M | ജൂനിയർ സൂപ്രണ്ട് | 59829 | 67877/2.6.2021 |
| 2 | ശ്രീ ശിശൻ പി വി | അക്കൗണ്ടന്റ് | 57054 | |
| 3 | ശ്രീമതി രോഷ്നി കെ പി | സീനി.ക്ലർക്ക് | 53058 | |
| 4 | ശ്രീമതി സന്ധ്യ ഡി എം | സീനി.ക്ലർക്ക് | 42513 | |
| 5 | ശ്രീ ജോസഫ് സിനു പി എ | സീനി.ക്ലർക്ക് | 40515 | |
| 6 | ശ്രീമതി മനില കെ ആർ | ക്ലർക്ക് | 31909 | |
| 7 | ശ്രീമതി വിജയശ്രീ പി പി | അസി. സെക്രട്ടറി | 70707 | 7889/16.6.21 |
| 8 | ശ്രീമതി രാജലക്ഷ്മി എം എസ് | ക്ലർക്ക് | 32765 | |
| | ആകെ | | 388350 | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി തുക ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജ്ജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു.

സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 03.03.2023 ൽ 2-ാം നമ്പർ ആയി നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ ആർജ്ജിതാവധി പണമാക്കിയ സമയത്ത് സർക്കാർ ഉത്തരവ് നിലവിലുണ്ടായിരുന്നില്ല എന്നും തിരികെ അടയ്ക്കാൻ പ്രസ്തുത ഉത്തരവിൽ ആവശ്യപ്പെട്ടിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. 1.6.21 മുതൽ മുൻകാലപ്രാബല്യത്തോടെ യാണ് 26.7.2021 - ലെ ഉത്തരവ് എന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ചെലവാക്കിയ 3,88,350/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-16 ഒഡിഎഫ് പ്ലസ് ബോർഡ് സ്ഥാപിച്ചത് - ക്വട്ടേഷൻ വിളിക്കാതെ ശുചിത്വമിഷൻ പ്രവൃത്തി നടത്തി

ശ്രീമതി രഞ്ജിത റെജി, മഞ്ഞപ്ര എന്ന വ്യക്തി ഒഡിഎഫ് പ്ലസ് - നു വേണ്ടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജി ഐ ഷീറ്റിൽ ബോർഡ് സ്ഥാപിച്ച ഇനത്തിലെ തുക നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 11,655/- രൂപ ചെക്ക് നമ്പർ 018616/24.2.22പ്രകാരം തനത് ഫണ്ടിൽനിന്നും ടിയാളുടെ മഞ്ഞപ്ര ശാഖയിലെ എസ്ബിഐ -യുടെ 39941767913 നമ്പർ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.

ആകെ 5 ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 2385 രൂപയുടെ 1 ബോർഡ് , 4545 രൂപയുടെ 1 ബോർഡ്, 1575 രൂപ നിരക്കിൽ 3 ബോർഡ് എന്നിങ്ങനെയാണ് സ്ഥാപിച്ചിരിക്കുന്നത്. ഇൻവോയ്സ്

ലഭ്യമാക്കിയിരിക്കുന്നത് അജന്ത ഡിജിറ്റൽസ്, സി എം റോഡ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ പേരിലാണ്. ഇതിനായി ക്വട്ടേഷൻ വിളിച്ചിട്ടുള്ളതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് 14 -ാം നമ്പർ ആയി നൽകിയ എൻക്വയറിക്ക് മറുപടിയായി ശുചിത്വമിഷൻ മുഖേനയാണ് ഈ ബോർഡുകൾ സ്ഥാപിച്ചതെന്നും ആയതിന്റെ ബില്ലുകൾ ശുചിത്വമിഷൻ പഞ്ചായത്തിൽ സമർപ്പിച്ചത് പരിഗണിച്ച് 11.2.2022 – ലെ കമ്മിറ്റി ഈ തുക ശുചിത്വ മിഷൻ - സ്വച്ഛ് ഭാരത് മിഷൻ ( ഗ്രാമീൺ ) പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽനിന്നും അനുവദിക്കുകയുമാണ് ചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്. ശുചിത്വമിഷൻ പ്രവൃത്തി നടപ്പാക്കുകയും പഞ്ചായത്ത് ആയതിന്റെ ചെലവ് വഹിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ചെലവ് തുക നൽകുന്നത് പഞ്ചായത്ത് ആയതിനാൽ ക്വട്ടേഷൻ വിളിച്ച് ബോർഡ് സ്ഥാപിക്കുന്നതും പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. അതിനുപകരം ശുചിത്വമിഷൻ പ്രവൃത്തി നടപ്പാക്കിയത് ശരിയായ നടപടിക്രമമല്ല. ക്വട്ടേഷൻ വിളിക്കാതെ ശുചിത്വമിഷൻ പ്രവൃത്തി നടത്തിയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 11,655/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

### 1-17 വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയിൽ മിച്ചം വന്ന പദ്ധതിവിഹിതം തുകകൾ തിരികെ അതാത് ഹെഡിലേക്ക് അടവാക്കേണ്ടതാണ്.

19.3.22 – ലെ കമ്മിറ്റി തീരുമാനം 4 (1) പ്രകാരം പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി 2017-18 വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയിൽ മിച്ചം വന്ന 531731 രൂപയുടെ ചെക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതായും ആയത് ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. അതുപ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ച 531731 രൂപയുടെ ചെക്ക് (നമ്പർ 081731/11.2.2022) ചേന്ദമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ 4170 നമ്പർ അക്കൌണ്ടിൽ നിക്ഷേപിക്കുകയും ആയത് 7.3.22 – ൽ അക്കൌണ്ടിൽ വരികയും ചെയ്തിട്ടുണ്ട്. പദ്ധതിവിഹിതം ഉൾപ്പെടെയുള്ള തുകകൾ ആണ് ഇപ്രകാരം പദ്ധതി നടത്തിപ്പിനായി കൈമാറുന്നതെന്നതിനാൽ പദ്ധതിവിഹിതം ആയി ലഭിച്ചിട്ടുള്ള തുക തിരികെ അതാത് ഹെഡിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

### 1-18 പ്ലാസ്റ്റിക് ശേഖരണം(വി.ജി.എഫ്) - രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 178/22 |
| നിർവ്വഹണം | വി.ഇ.ഓ. വടക്കുംപുറം |
| ആകെ ചെലവ് | 4200/- രൂപ(ചെക്ക് നമ്പർ 64857/27-3-2022) |

ഹരിതകർമ്മസേനക്ക് വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനായാണ് പദ്ധതിപ്രകാരം ചെലവ് നടത്തിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. മേൽ പദ്ധതി സംബന്ധിച്ച് പ്രൊജക്റ്റ്, ബിൽ, വിതരണരേഖകൾ തുടങ്ങി യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 17/9-3-2023) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ചെലവ് തുകയായ 4,200/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-19 വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - 678336/- രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | തുക | ഏജൻസി |
|---|---|---|
| ഐ.കെ.എം. ന് വിഹിതം നൽകൽ (പ്രൊജക്റ്റ് നമ്പർ 6/22)Dev. Gen. Fund | രൂപ 65598/- | ഐ.കെ.എം. |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്റ്റ് നമ്പർ 95/22) CFC Fund | രൂപ 498644/- Bill No 252/10-3-22 | കെ.എസ്.ഇ.ബി. |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്റ്റ് നമ്പർ 243/22) Dev. Gen. Fund | രൂപ 114094/- Bill No 197/18-2-22 | കെ.എസ്.ഇ.ബി. |
| ആകെ | 678336/- രൂപ | |

തുക ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ 10/08-3-2023) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ ആകെ ചെലവ്തുകയായ 6,78,336/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-20 ചാത്തേടം പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച പൊതുശൗചാലയനിർമ്മാണം-

അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 184/22 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 200000/- രൂപ |
| ആകെ ചെലവ് | 178276/- രൂപ(ശുചിത്വമിഷൻ ഫണ്ട്) |
| ബിൽ നമ്പർ/ചെക്ക് നമ്പർ /തിയതി | 138276/- രൂപ – ചെക്ക് നമ്പർ 4446318/28-10-21 40000/- രൂപ – ചെക്ക് നമ്പർ 018628/23-3-21 |

പബ്ലിക് ലൈബ്രറികളോടനുബന്ധിച്ച് തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിലുൾപ്പെടുത്തി പൊതുശൗചാലയം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവുകൾ ( സ.ഉ. സാധാ നമ്പർ 15/2021 തസ്വഭവ തിയതി4-1-21, സ.ഉ. സാധാ നമ്പർ 171/2020 തസ്വഭവ തീയതി 22-1-2020) പ്രകാരം അനുമതി നല്കിയിരുന്നു. മേൽ ഉത്തരവ് പ്രകാരം കോസ്റ്റ് ഫോർഡ് ആണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. പദ്ധതിയുടെ സാങ്കേതിക സഹായം, മേൽനോട്ടം എന്നിവയും കോസ്റ്റ്ഫോർഡ് മുഖേനയാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഗുണഭോക്തൃസമിതി വഴിപദ്ധതി പൂർത്തിയാക്കിയശേഷം കോസ്റ്റ്ഫോർഡ് ബിൽ തയ്യാറാക്കി തദ്ദേശസ്വയംഭരണ എൻജിനീയർക്ക് നല്കണം. എൻജിനീയർ ബിൽ പരിശോധിച്ച് ശുപാർശയോടുകൂടി തദ്ദേശസ്ഥാപനത്തിലെ നിർവ്വഹണോദ്യോഗസ്ഥന് കൈമാറണം. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കിയത് തദ്ദേശസ്വയംഭരണ അസിസ്റ്റന്റ് എൻജിനീയർ ആണ്. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതമായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്ന് തുക ലഭ്യമാക്കേണ്ടതായിരുന്നു. ആയത് ലഭ്യമാക്കിയിട്ടില്ല. യൂണിറ്റ് കോസ്റ്റ് ആയ രണ്ട് ലക്ഷം രൂപയിൽ 180000 രൂപ (കേന്ദ്ര/സംസ്ഥാന വിഹിതം) കിഴിച്ച് ബാക്കി 20000 രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഹിക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്ന് തുക ലഭ്യമാക്കിയില്ല. രണ്ട് ലക്ഷം രൂപയിൽ കുറവ് മാത്രമാണ് ചെലവ് വന്നിട്ടുള്ളതെങ്കിലും ആനുപാതികമായ വിഹിതം കേരള സ്റ്റേറ്റ് ലൈബ്രറി കൌൺസിലിൽ നിന്ന് ലഭ്യമാക്കേണ്ടതായിരുന്നു. മേൽ അപാകതകൾക്ക് വിശദീകരണം തേടി ഓഡിറ്റ് എൻക്വയറി(നമ്പർ 6 തീയതി 6-3-2023)നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്ന് ചെലവിന് ആനുപാതികമായ വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 വിവിധ വാർഡുകളിലെ കുളങ്ങളും കിണറുകളും ശുചീകരണം-ജി.എസ്.ടി അധിക നിരക്കിൽ നൽകിയതുമൂലം അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 164/22- വിവിധ വാർഡുകളിലെ കുളങ്ങളും കിണറുകളും ശുചീകരണം |
| സാങ്കേതികാനുമതി | 94628/2020-21 Dated 08.02.2021, Rs 1,40,000/- |
| കരാറുകാരന്റെ പേര്, | ശ്രീ. ബൈജു വി. എസ്. |
| കരാർ നം | 25/AE/CHM/2021-22 തീയതി 06.01.2022 |
| അളവ് പുസ്തകം | 181/2021-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| ചെലവഴിച്ച തുക | 1,60,324/-(ബിൽ നം 411/30.03.2022 പ്രകാരം 1,50,000/-രൂപ 2021-22 ൽ നൽകി) |

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുളങ്ങളും കിണറുകളും ശുചീകരിക്കുന്നതിനുള്ള പദ്ധതിയാണിത്. 2020-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചതിനെത്തുടർന്ന് തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റിന് 08.02.2021 ൽ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. Bailing Out Water Using 5 HP Motor, Earth Work എന്നീ ഇനങ്ങളാണ് 1,40,000/- രൂപ അടങ്കലുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 08.02.2021 ൽ സാങ്കേതികാനുമതി ലഭിച്ചെങ്കിലും ആ സാമ്പത്തിക വർഷം ടെണ്ടർ നടപടികളിൽ ആരും പങ്കെടുത്തില്ല. 28.10.2021 ൽ ശ്രീ.ബനഡിക്റ്റ് പി.എൽ. എന്ന കരാറുകാരൻ 9.5 % കുറവ് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിച്ചെങ്കിലും, പ്രിലിമിനറി എഗ്രിമെന്റ് ഹാജരാക്കിയിട്ടില്ലെന്ന കാരണത്താൽ ടെണ്ടർ നിരസിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 19.11.2021 ൽ നടത്തിയ റീടെണ്ടറിൽ ശ്രീ ബൈജു വി.എസ്. എന്ന കരാറുകാരൻ 8 % ടെണ്ടർ കൂടുതൽ രേഖപ്പെടുത്തി ടെണ്ടർ സമർപ്പിക്കുകയും, അത് അംഗീകരിച്ച്, 06.01.2022 ൽ കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പരമാവധി 10 % ടെണ്ടർ എക്സസ് കൊടുക്കാമെന്ന സർക്കാർ ഉത്തരവ്( GO (Rt) No 1778/2021/LSGD വരുന്നതിന് വളരെ മുൻപ് സാങ്കേതികാനുമതി ലഭിച്ച (08.02.2021 ൽ) പ്രവൃത്തിയാണിത്. എന്നാൽ കരാറുകാർ ടെണ്ടറിംഗ് നടപടികളിൽ നിന്നും മാറി നിന്നതോടെ പ്രവൃത്തി നടപ്പാക്കാൻ വൈകുകയും, ആകെ പദ്ധതിച്ചെലവ് വളരെ ഉയരുകയും ചെയ്തു. പ്രധാനമായും എർത്ത് വർക്ക് മാത്രം ഉൾക്കൊള്ളുന്ന

പ്രവൃത്തിയിൽ 5 % GST Compensation നൽകിയാൽ മതിയാകുന്നതാണ്. ഇതിനു വിരുദ്ധമായി 12 % GST നൽകിയതിലൂടെ കരാറുകാരന് താഴെ കാണുംവിധം 10,020/-രൂപ അധികം നൽകിയിട്ടുണ്ട്.

| ആകെ പ്രവൃത്തി മൂല്യം | GST ഉൾപ്പെടെ നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 1,43,147 | 1,43,147 X 12 % = 1,43,147+ 17,177=1,60,324/- | 1,43,147 X 5 % = 1,43,147+7,135= 1,50,304/- | 160324-150304= 10,020/- |

പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/07.03.2023) കരാറുകാരൻ തുക സർക്കാരിലേക്ക് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ തുക ഈടാക്കി വിവരം അറിയിക്കാമെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. തുക അടവാക്കിയതിന്റെ രേഖകൾ സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-22 മുൻ വർഷങ്ങളിൽ ചെലവഴിച്ച തുക അക്കൗണ്ട് കറക്ഷൻ മൂലം മടങ്ങിവന്നു

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ ട്രഷറി തനതുഫണ്ട് അക്കൗണ്ടിലേക്ക് 31.03.2022 ൽ EPOC Bill Clearance പ്രകാരം 5,65,397/- രൂപ ക്രെഡിറ്റായിട്ടുണ്ട്. കൂടാതെ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് ഇപ്രകാരം 14,360/- രൂപയും ക്രഡിറ്റായിട്ടുണ്ട്. മുൻവർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികളിലെ ഏതെങ്കിലും ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക അക്കൗണ്ട് നമ്പർ തെറ്റായതുകൊണ്ടോ മറ്റ് സാങ്കേതിക കാരണങ്ങളാലോ യഥാസമയം ട്രാൻസ്ഫർ ആകാതെ ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുക EPOC Bill Clearance വഴി അതാതു അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാകുന്നതിന്റെ ഭാഗമായാണ് മേൽപ്രകാരം അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ളത്. ഇത് ഏത് പദ്ധതിപ്രകാരം ചെലവഴിച്ച തുകയാണെന്നും, യഥാർത്ഥ ഗുണഭോക്താക്കൾ ആരായിരുന്നുവെന്നത് അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.12/08.03.23 ) ട്രഷറിയിൽ നിന്നും വിവരം ലഭിക്കുന്ന മുറക്ക് അറിയിക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. 2021-22 വാർഷിക കണക്കിൽ 350300199-Government And Other Dues Payable -Others എന്ന ഹെഡിൽ മേൽതുകകൾ കണക്കിലെടുത്തിട്ടുണ്ട്.

വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് യഥാസമയം പരിശോധിച്ചുറപ്പാക്കേണ്ടത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരാണ്. അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയതിലുള്ള തെറ്റുകൾ യഥാസമയം ട്രഷറി അധികൃതരെ അറിയിച്ച് തെറ്റുതിരുത്തിയിരുന്നുവെങ്കിൽ പദ്ധതി പ്രകാരം ചെലവഴിച്ച തുക യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, മേൽപ്രകാരം ലഭിച്ച തുകയുടെ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി, സർക്കാർ അനുമതിയോടെ അവർക്ക് തുക കൈമാറുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | 2021-22ൽ ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | പാലിയേറ്റീവ് കെയർ ( S71/22) | 3,00,000 |
| | 5,00,000 | ലൈഫ് ഭവനപദ്ധതി -(29/22) | 5,00,000 |
| | 3,00,000 | ലൈഫ് ഭവനപദ്ധതി -എസ്.സി.(31/22) | 3,00,000 |
| | 4,09,100 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S 3/22) | 4,09,100 |
| | 3,00,000 | പാൽ സബ്സിഡി (S 19/22) | 3,00,000 |
| | 49,904 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ (S 94/22) | 49,904 |
| | 20,000 | വിശപ്പ് രഹിത കേരളം (22/22) | 20,000 |
| | 9,100 | പച്ചക്കറി വികസനം(185/22) | 9,100 |
| ആകെ | 18,88,104 | | 18,88,104 |
| ജില്ലാ പഞ്ചായത്ത് | 4,84,500 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (SO189/22) | 4,84,500 |
| | 6,00,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S 3/22) | 6,00,000 |
| | 17,000 | നെൽകൃഷി വികസനം (S 82/22) | 17,000 |
| | 61,000 | പാൽ സബ്സിഡി (S 19/22) | 61,000 |
| | 7,42,397 | കോളനി കുരിശിങ്കൽ റോഡ് മെയിന്റനൻസ്( S 194/22) | 7,42,397 |
| | 7,74,415 | ഭരണിമുക്ക് ആറങ്കാവ് പയ്യപ്പിള്ളി റോഡ് മെയിന്റനൻസ് (S 220/22) | 7,74,415 |
| | 11,84,842 | പക്ഷണത്ത് കാട്ടിൽ റോഡ് മെയിന്റനൻസ് ( S 226/22) | 11,84,842 |
| | 10,80,000 | ലൈഫ് ഭവനപദ്ധതി -(29/22) | 10,80,000 |
| | 2,25,000 | ലൈഫ് ഭവനപദ്ധതി -എസ്.സി.(31/22) | 2,25,000 |
| ആകെ | 51,69,154 | | 51,69,154 |

B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ ആകെ നീക്കിയിരിപ്പ് തുക 7,66,690/- രൂപയാണ്. എന്നാൽ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട് നീക്കിയിരിപ്പ് തുക 3,18,481/- രൂപ മാത്രമാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 95/22-സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | 252/10.03.22 | 4,98,644 | 0 | 4,98,644 |
| ,, | 243/22-സ്ട്രീറ്റ്ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | 197/18.02.22 | 1,14,094 | 0 | 1,14,094 |
| ആകെ | | | 6,12,738 | 0 | 6,12,738 |

മുൻവർഷങ്ങളിലെയും, 2021-2022 സാമ്പത്തിക വർഷം നിക്ഷേപിച്ചതും ഉൾപ്പെടെ KSEB-യിൽ 13,28,572/-രൂപയും, KWAയിൽ 11,32,250/- രൂപയും 31/03/2022 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി

ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുണ്ട്. തുക ചെലവഴിച്ചതാണെങ്കിൽ വിനിയോഗസാക്ഷ്യപത്രം വാങ്ങി മുൻകൂർ ക്രമീകരിക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/ വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം/ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ ലോൺ) | 68/2018 തീയതി 18.05.2018 111/2018 തീയതി 13.08.2018 511/2018 തീയതി 01.01.2019 | 8,80,000 | 3,97,54,503 | 4,06,34,503 | 34,02,666 | | 3,72,31,837 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 360/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 2-3 | 360/- | വടക്കുംപുറം ക്ഷീരസഹകരണ സംഘം സെക്രട്ടറി | 1210102696 തീയതി 13.06.2021 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | - | തൊഴിൽ നികുതി | മറുപടി തയ്യാറാക്കി ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാകുന്നു. |
| 2015-16 | 2-2 | | | | |

4-9 ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 7,57,67,382 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 7,34,45,747 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 10,82,541 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-15 | 2,84,878/- | സിന്ധുമോൾ വി.എസ്, സെക്രട്ടറി |
| | 1,03,472/- | വിജയശ്രീ പി.പി. സെക്രട്ടറി ഇൻ ചാർജ് |
| 1-16 | 11,655/- | റീന റാഫേൽ, സെക്രട്ടറി |
| 1-18 | 4,200/- | സാബിഖ് ടി എസ്, വി.ഇ.ഒ. വടക്കുംപുറം |
| 1-19 | 6,78,336/- | റീന റാഫേൽ, സെക്രട്ടറി |
| ആകെ | 10,82,541/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേര്,ഉദ്യോഗപ്പേര് |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിരിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധുമോൾ വി.എസ്, സെക്രട്ടറി | വിരമിച്ചു | തെക്കേവാലത്ത് (H) വാലൻ,സൗത്ത് ചിറ്റൂർ പി.ഒ., |
| റീന റാഫേൽ, സെക്രട്ടറി | വിരമിച്ചു | കറുകയിൽ ഹൗസ്, സെന്റ് ആന്റണീസ് ലിങ്ക് റോഡ്, തൈക്കൂടം, വൈറ്റില പി.ഒ |
| സാബിക്ക് റ്റി എസ്, വി ഇ ഒ | വി ഇ ഒ, വടക്കുംപുറം സർക്കിൾ, ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് | തേപ്പറമ്പിൽ, മാഞ്ഞാലി, മന്നം പി.ഒ |
| വിജയശ്രീ പി.പി., സെക്രട്ടറി ഇൻ ചാർജ് | അസി. സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത് | നാക്കാലിൽ, ശ്രീഗൗതം കൈതാരം പി.ഒ. നോർത്ത് പറവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 6 |
| 2000-2001 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2001-2002 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 | 2 |

| | | |
|---|---|---|
| | നമ്പർ കത്ത് | |
| 2002-2003 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2003-2004 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2004-05 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 3 |
| 2005-06 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ -ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 9 |
| 2006-07 | എൽ.എഫ്.ഇ(പി2) 751/10, 03.03.2011 | 2 |
| 2008-09 | എൽ.എഫ്.ഇ(പി2) 1751/11, 18.04.2012 | 4 |
| 2009-10 | എൽ.എഫ്.ഇ(പി2) 1758/11, 18.04.2012 | 0 |
| 2011-12 | എൽ.എഫ്.ഇ(പി2) 2234/11, 13.12.2013 | 2 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി10) 295/15, 19.02.2015 | 8 |
| 2014-15 | എൽ.എഫ്.ഇ(പി10) 1173/16, 16.07.2016 | 9 |
| 2015-16 | എൽ.എഫ്.ഇ(പി12) 1924/16, 08.02.2016 | 7 |
| 2016-17 | എൽ.എഫ്.ഇ(പി12) 1652/17, 14.09.2017 | 6 |
| 2017-18 | എൽ.എഫ്.ഇ(പി12) 227/19, 21.03.2019 | 17 |
| 2018-19 | എൽ.എഫ്.ഇ(പി12) 276/20, 11.03.2020 | 10 |
| 2019-20 | കെ.എസ്.എ - ഇ.കെ.എം (പി-12)183/2022/05/05/2022 | 19 |
| 2020-21 | കെ.എസ്.എ - ഇ.കെ.എം (പി-12)1183/2022/08/08/22 | പുനരഭിപ്രായക്കുറിപ്പുകൾ പുറപ്പെടുവിച്ചിട്ടില്ല. |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്